# എച്ച്ഐവി ബോധവത്കരണം: റെഡ് റിബൺ എക്സ്പ്രസ് മാർച്ച് പതിനൊന്നിന് കരുനാഗപ്പള്ളിയിൽ

കൊല്ലം: എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ സന്ദേശവുമായി എത്തുന്ന റെഡ് റിബൺ എക്സ്പ്രസ് മാർച്ച് പതിനൊന്നിന് കരുനാഗപ്പള്ളിയിൽ എത്തും. കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷനിൽ -------------------- ഉദ്ഘാടനം ചെയ്യും. മാർച്ച് 12 ന് കരുനാഗപ്പള്ളിയിൽ കേരളത്തിലെ പര്യടനം പൂർത്തിയാക്കും.

കാസർഗോഡ്, കണ്ണൂർ, തിരൂർ, പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം സൗത്ത്, കായംകുളം, കരുനാഗപ്പള്ളി സ്റ്റേഷനുകളിലാണ് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശവുമായി ട്രെയിൻ എത്തുന്നത്. ഇതേസമയം ട്രെയിൻ എത്താത്ത ഉൾനാടൻ ഗ്രാമങ്ങളിലേക്ക് രണ്ടു ലൈഫ് ബസുകളിൽ കലാസംഘങ്ങൾ യാത്ര തിരിക്കും. ദിവസം മൂന്നു കേന്ദ്രങ്ങളിൽ വീതം ഇവർ എച്ച്ഐവിയെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും അറിവു പകരുന്ന പരിപാടികൾ നടത്തും. കലാപരിപാടികൾ, എച്ച്ഐവി അണുബാധിതന്റെ അനുഭവവിവരണം തുടങ്ങിയ ഇതിന്റെ ഭാഗമായി ഉണ്ടാകും.

എച്ച്ഐവി പ്രതിരോധത്തെക്കുറിച്ചും വിവിധ സേവനങ്ങളെക്കുറിച്ചും അവബോധം വളർത്തുക, എച്ച്ഐവി അണുബാധിതരോടുള്ള വിവേചനവും സാമൂഹ്യനിന്ദയും ഇല്ലാതാക്കുക, എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പ്രതിരോധമാർഗങ്ങളെക്കുറിച്ചുള്ള ധാരണ സൃഷ്ടിക്കുക, ഗുണകരമായ ജീവിതശൈലിയും ആരോഗ്യകരമായ ശീലങ്ങളും വളർത്തുക എന്ന ലക്ഷ്യത്തോടെയാണ് റെഡ് റിബൺ എക്സ്പ്രസ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ലോക എയ്ഡ്സ് ദിനമായ 2009 ഡിസംബർ ഒന്നിന് ഡൽഹിയിൽ നിന്നാണ് ട്രെയിൻ യാത്രയാരംഭിച്ചത്.

പത്തു കോച്ചുകളുള്ള ട്രെയിനാണ് റെഡ് റിബൺ എക്സ്പ്രസ്. എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ പ്രദർശനം, തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, അംഗൻവാടി പ്രവർത്തകർ, സ്വയംസഹായ സംഘം പ്രവർത്തകർ, യുവാക്കൾ, സ്ത്രീകൾ തുടങ്ങിയവരുടെ സംഘങ്ങൾക്ക് പരിശീലന സംവിധാനം, ഡോക്ടർമാരും കൗൺസലർമാരും ഉൾപ്പെട്ട കൗൺസലിംഗ്- മെഡിക്കൽ സേവനങ്ങൾക്കുള്ള സംവിധാനം എന്നിവ ട്രെയിനിൽ ഉണ്ടാകും. പ്ലാറ്റ്ഫോമിൽ സജ്ജീകരിക്കുന്ന ജ്യോതിസ് കേന്ദ്രത്തിൽ ആവശ്യക്കാർക്ക് എച്ച്ഐവി പരിശോധന നടത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തും. ട്രെയിനിലെ ഒരു കോച്ചിൽ പൊതുആരോഗ്യം, ശുചിത്വം, എച്ച്1 എൻ1 തുടങ്ങിയ പകർച്ചവ്യാധികൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ പ്രദർശിപ്പിക്കും. ആരോഗ്യകേരളത്തിന്റെ ചുമതലയിലായിരിക്കും ഈ പ്രവർത്തനങ്ങൾ നടക്കുക.

രാജീവ്ഗാന്ധി ഫൗണ്ടേഷൻ രൂപംകൊടുത്ത ഈ പ്രചാരണ പരിപാടി ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ആരോഗ്യകേരളം, നെഹ്റു യുവകേന്ദ്ര, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, വിവിധ കേന്ദ്ര - സംസ്ഥാന വകുപ്പുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

ഡൽഹിയിൽ ലോക എയ്ഡ്സ് ദിനമായ 2009 ഡിസംബർ ഒന്നിന് യു.പി.എ അധ്യക്ഷ സോണിയ ഗാന്ധി ഫ്ളാഗ് ഓഫ് ചെയ്ത റെഡ് റിബൺ എക്സ്പ്രസ് രാജ്യത്തെമ്പാടുമായി 25,000 കിലോമീറ്റർ സഞ്ചരിച്ചാണ് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നത്. 160 ജില്ലകളിലായി 10,000 ഗ്രാമങ്ങളിലൂടെ റെഡ് റിബൺ എക്സ്പ്രസ് വിഭാവനം ചെയ്യുന്ന സന്ദേശങ്ങൾ എത്തും.

റെഡ് റിബൺ എക്സ്പ്രസിന്റെ ആദ്യയാത്ര 2007 ഡിസംബറിൽ തുടങ്ങി 2008 ഡിസംബറിൽ അവസാനിച്ചിരുന്നു. 180 ജില്ലകൾ സന്ദർശിച്ച ട്രെയിൻ 62 ലക്ഷത്തിലധികം ജനങ്ങൾക്ക് എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ നേരിട്ടെത്തിച്ചു. 2008 ജൂൺ 28 മുതൽ ജൂലൈ 11 വരെയായിരുന്നു അന്ന് റെഡ് റിബൺ എക്സ്പ്രസ് കേരളത്തിൽ പര്യടനം നടത്തിയത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഷൊർണൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലായിരുന്നു അന്ന് ട്രെയിൻ എത്തിയത്.